പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.5522

01.07.2014 ൽ
മറുപടിയ്ക്ക്

## യുവജന കമ്മീഷന്റെയും യുവജനക്ഷേമ ബോർഡിന്റെയും ശാക്തീകരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. മോൻസ് ജോസഫ് :<br>ശ്രീ. സി.എഫ്. തോമസ് :<br>ശ്രീ. റ്റി.യു.കുരുവിള : | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) പുതിയ കാലഘട്ടത്തിന്റെ വെല്ലുവിളികളെ നേരിടുന്നതിന് യുവജനങ്ങൾക്കായി എന്തെല്ലാം പുതിയ പദ്ധതികൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ; | (എ) സംസ്ഥാന യുവജനകമ്മീഷൻ 2014-15 സാമ്പത്തിക വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്.<br>1. പട്ടികജാതി /ആദിവാസി വിഭാഗങ്ങൾക്കിടയിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ.<br>2. മദ്യം-മയക്കുമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ എന്നിവയ്ക്കെതിരെ കോളേജുകളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ.<br>3. സെമിനാർ, സിംപോസിയം, ശില്പശാലകൾ എന്നിവ സംഘടിപ്പിക്കൽ.<br>4. യൂത്ത് ഐക്കൺ പദ്ധതി.<br>5. ജോബ് പോർട്ടൽ.<br>6. പ്രാദേശിക അദാലത്തുകൾ / സിറ്റിംഗുകൾ.<br>മുകളിൽ പറഞ്ഞ പദ്ധതികൾക്ക് പുറമെ, യുവജനങ്ങളുടെ അവകാശ നിഷേധവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികൾ / നിവേദനങ്ങൾ പരിശോധിച്ച് പരിഹാരശ്രമം നടത്തുന്നതിനും കമ്മീഷൻ യത്നിക്കുന്നുണ്ട്. യുവജനക്ഷേമ ബോർഡ് നടത്തുന്ന പരിപാടികളിൽ ഭൂരിഭാഗവും തുടർ പദ്ധതികളാണ്. 2014-15 സാമ്പത്തിക വർഷം ബോർഡ് പുതിയ പദ്ധതികൾ ഒന്നും ആരംഭിച്ചിട്ടില്ല. |
| (ബി) യുവജനകമ്മീഷനെയും യുവജന ബോർഡിനെയും ശക്തിപ്പെടുത്തുവാൻ കൂടുതൽ സാമ്പത്തിക - ഭരണപരമായ സഹായങ്ങൾ നൽകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | (ബി) നൽകും. യുവജനകമ്മീഷന്റെ നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി നടത്തിപ്പിനായി ഒരു കോടി രൂപയും യുവജനക്ഷേമ ബോർഡിന് 18.64 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഈ സ്ഥാപനങ്ങളെ സാമ്പത്തികമായും ഭരണപരമായും കൂടുതൽ വിപുലപ്പെടുത്തുന്നതിനും ശാക്തീകരിക്കുന്നതിനും ഉതകുന്ന നിരവധി പരിപാടികളിന്മേൽ ഭരണാനുമതി നൽകുന്ന നടപടി അന്തിമഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| (സി) | സ്കൂൾ, കോളേജ് തലങ്ങളിൽ യുവ ജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ വർഷാവർഷം വിവിധ വിഷയങ്ങളെ സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | (സി) | യുവജനക്ഷേമ ബോർഡ് ക്യാമ്പസ് ലീഡേഴ്സ് ക്യാമ്പ് എൻ.എസ്.എസുമായി സഹകരിച്ച് നടത്താറുണ്ട്. കൂടാതെ യൂത്ത് ലീഡർഷിപ്പ് ക്യാമ്പും ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകളും, സ്കൂൾ, കോളേജ് തലങ്ങളിൽ വിവിധ വിഷയങ്ങളെ സംബന്ധിച്ച് ബോധവൽക്കരണവും സംഘടിപ്പിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ